**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4064**

**25.06.2018-ൽ മറുപടിയ്ക്ക്**

**ജില്ലകളിൽ നവോത്ഥാന നായകൻമാർക്ക് സ്മാരകം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. പി. ജയരാജൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ നവോത്ഥാന നായകന്മാരുടെ സ്മാരകമായി ഓരോ ജില്ലയിലും ഓരോ സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതിയിൽ ഏതെല്ലാം ജില്ലകളിൽ സാംസ്കാരിക പദ്ധതിക്കായുള്ള സ്ഥലം സാംസ്കാരിക വകുപ്പിന് കൈമാറിക്കിട്ടിയെന്ന് വ്യക്തമാക്കുമോ;- | (എ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരളത്തിലെ നവോത്ഥാന നായകരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഇടുക്കി, കൊല്ലം,പാലക്കാട്,കാസർഗോഡ് ജില്ലകളിൽ സ്ഥലം ലഭിച്ചിട്ടുണ്ട്.തിരുവനന്തപുരം,കോട്ടയം, പത്തനംതിട്ട, വയനാട് ഒഴികെയുള്ള ജില്ലകളിൽ സ്ഥല ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. |
| ബി) ഏതെല്ലാം ജില്ലകളിലെ പദ്ധതിക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിച്ച് ഭരണാനുമതിയും ഫണ്ട് ലഭ്യതയും ഉറപ്പാക്കിയെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | ഓരോ ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം തീർച്ചപ്പെടുത്തി ഏറ്റെടുത്തതിന് ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് കൺസൾട്ടിംഗ് ഏജൻസി തയ്യാറാക്കി നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| സി) ഏതെല്ലാം ജില്ലകളിലെ പദ്ധതി പ്രവർത്തനം ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**